## കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ മദ്ധ്യമേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിൽ കെ.പി.ബി.ആർ. ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.ലത്തീഫ് പി.എ.. സൂപ്പർവൈസർ 'എ' യുടെ ലൈസൻസ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

നമ്പർ.ജി6-1149/2015 തീയതി : 27.04.2016

---

പരാമർശം:-1. സർക്കാരിന്റെ 16.3.2015-ലെ 4656/ആർബി2/2015/തസ്വഭവ നമ്പർ കത്ത്.
2. ഈ ഓഫീസിലെ 8.6.2015-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ.ലത്തീഫ് പി.എ.യുടെ 23.3.2016-ലെ മറുപടി

### ഉത്തരവ്

പരാമർശം (1) പ്രകാരം തൃശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 160/7-ൽ കെ.പി.ബി.ആർ. ലംഘിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് 'സൂപ്പർവൈസർ എ' രജിസ്ട്രേഷനുള്ള ശ്രീ.ലത്തീഫ് പി.എ. തന്റെ അധികാരക്ഷമതയിലുള്ളതിലും കൂടുതൽ നിലകൾ വരുന്ന കെട്ടിടത്തിന് പ്ലാൻ സമർപ്പിച്ചു നൽകിയതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട് തുടർ നടപടികൾക്കായി ഈ ഓഫീസിലേക്ക് അയച്ചുതരികയുണ്ടായി.

പരാമർശം (2) പ്രകാരം ലൈസൻസിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പരാമർശം (3) പ്രകാരം വിശദീകരണം ബോധിപ്പിക്കുകയുമുണ്ടായി. കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് പ്ലാൻ തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ഉടമസ്ഥർ തന്നെ സമീപിച്ചപ്പോൾ G+3 കെട്ടിടത്തിന് പ്ലാൻ തയ്യാറാക്കുന്നതിന് യോഗ്യതയില്ല എന്ന് അറിയിച്ചുവെങ്കിലും പിന്നീട് നിർബന്ധിത സാഹചര്യം മൂലവും രാഷ്ട്രീയ ഇടപെടൽ മൂലവും പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടിവന്നുവെന്നും ഇത് തന്റെ ഭാഗത്തു സംഭവിച്ച ഗുരുതരമായ വീഴ്ചയാണെന്നും ബോധ്യപ്പെട്ടിരിക്കുന്നുവെന്നും നിർബന്ധിത സാഹചര്യത്തിൽ സംഭവിച്ചുപോയ ഈ വീഴ്ച നിരുപാധികം മാപ്പാക്കി മേൽ നടപടി

കൾ ഒഴിവാക്കണമെന്ന് തന്റെ വിശദീകരണത്തിൽ ലൈസൻസി അപേക്ഷിക്കുക യുണ്ടായി.

കെ.പി.ബി.ആർ.2011 റൂൾ 144(1) പ്രകാരം നിയമവും ചട്ടങ്ങളും സർക്കാരിന്റെയും പഞ്ചായത്തിന്റെയും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പ്ലാൻ തയ്യാറാക്കുന്നതിന് ലൈസൻസി ബാധ്യസ്ഥനാണ് എന്നാൽ ഇവിടെ നിയമത്തെക്കുറിച്ച് വ്യക്തമായ ബോധ്യമുണ്ടായിട്ടും ന്യായീകരണമില്ലാത്ത ബാഹ്യ പരിഗണനകളുടെ പ്രേരണയാൽ നിയമവിരുദ്ധമായി പ്രവർത്തിക്കേണ്ടിവന്നുവെന്ന് ലൈസൻസി തന്നെ സമ്മതിച്ചിരിക്കുകയാണ്. നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിന് ബാധ്യസ്ഥനായ ലൈസൻസിയുടെ നടപടി അതീവ ഗുരുതരമായ വീഴ്ചയാണെന്നതിനാൽ ശ്രീ. ലത്തീഫ്.പി.എ. സൂപ്പർവൈസർ എ (License No.G6-2139/10/173/SA ) എന്നയാളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്ത് ഉത്തരവാകുന്നു. ശ്രീ.പി.എ.ലത്തീഫ് ഒറിജിനൽ രജിസ്ട്രേഷൻ രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസങ്ങൾക്കുള്ളിൽ നഗരകാര്യവകുപ്പിന്റെ കൊച്ചി മേഖലാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.ലത്തീഫ് പി.എ.
ലൈസൻസി (Reg.No.G6-2139/10/173/SA)
പൂവക്കാട്ട് ഹൗസ്
മുരിക്കിങ്ങൽ പി.ഒ.
തൃശൂർ

പകർപ്പ്:-
1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് (കൊല്ലം, കോഴിക്കോട്)
3. മദ്ധ്യമേഖലയിലെ എല്ലാ നഗരസഭാസെക്രട്ടറിമാർക്കും
4. നഗരകാര്യ ഡയറക്ടർ,
   (To publish in the LSGD Website as per KMBR 1999 Rule 153(8)